**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **11-10-2021 - ൽ മറുപടിയ്ക്ക്**

**ജിത ദിനരാജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ആഭ്യന്തര വകുപ്പിൽ യു.ഡി.സി. ആയിരിക്കെ അന്തരിച്ച എം. ദിനരാജിന്റെ മകൾ ജിത ദിനരാജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുമോ; | (എ) | പോലീസ് വകുപ്പിൽ യു.ഡി.ക്ലർക്ക് തസ്തികയിൽ സേവനത്തിലിരിക്കെ അന്തരിച്ച എം.ദിനരാജിന്റെ മകൾ കുമാരി ജിത ദിനരാജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഇവർക്ക് നിയമനം ലഭിക്കാൻ സാധ്യതയുണ്ടോയെന്ന വിവരം ലഭ്യമാകുമോ; | (ബി) | നിലവിൽ പോലീസ് വകുപ്പിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് വകുപ്പുകളിലുണ്ടാകുന്ന ഒഴിവിൽ നിന്നും പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഊഴം എത്തുന്ന മുറയ്ക്ക് കുമാരി ജിത ദിനരാജിന് നിയമനാനുമതി നൽകുവാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന സീനിയോറിറ്റി പട്ടികയിൽ ഇവരുടെ സ്ഥാനം എത്രയെന്ന വിവരം നൽകുമോ; | (സി) | സർക്കാരിലെ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള ആശ്രിത നിയമനത്തിനായുള്ള എൽ.ഡി.ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ കുമാരി ജിത ദിനരാജിനെ 2-ാമതായി ഉൾപെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്താലാണ് ജിത ദിനരാജിന് നിയമനം ലഭിക്കുകയെന്ന് വ്യക്തമാക്കുമോ? | (ഡി) | എൽ.ഡി.ക്ലർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററിയായി വിവിധ വകുപ്പുകളിൽ നിയമനം നൽകിയവരെ സ്ഥിരപ്പെടുത്തിയതിനു ശേഷം ഊഴം എത്തുന്ന മുറയ്ക്ക് എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്ക് കുമാരി. ജിത ദിനരാജിന് നിയമനാനുമതി നൽകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ